**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2006** **09-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിലെ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളത്; | (എ) | സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ നടത്തുന്ന കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരി ക്കുന്നു. |
| (ബി) | സംസ്കൃതം ജനറൽ അധ്യാപികയായ ഡോക്ടർ പൂർണിമ മോഹനനെ ബന്ധപ്പെട്ട വിഷയം ഇല്ലാത്ത പ്രാദേശിക കേന്ദ്രത്തിൽ നിയമിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?; | (ബി) | 2026 വരെ തനിക്ക് നാല് വർഷത്തെ സേവനകാലയളവേ ബാക്കിയുള്ളൂ എന്നും, ആരോഗ്യപരമായ കാരണങ്ങളാലും, Cervical Radiculopathy, കഴുത്തുവേദന എന്നിവ ഉള്ളതിനാൽ ദീർഘനേരം നിൽക്കുന്നതോ ദൂരയാത്ര ചെയ്യുന്നതോ ഒഴിവാക്കണമെന്ന് ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഡോ.എച്ച്. പൂർണിമ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നു. സംസ്കൃത വ്യാകരണ വകുപ്പിൽ 28 മണിക്കൂർ വർക്ക് ലോഡ് അവശേഷിക്കുന്നുവെന്ന ടി കേന്ദ്രത്തിലെ ക്യാമ്പസ് ഡയറക്ടറുടെ കത്തിൽ മറ്റ് തടസ്സങ്ങളൊന്നുമില്ലായെങ്കിൽ ഡോ.എച്ച്. പൂർണിമയെ നിയമിക്കാവുന്നതാണെന്നും അറിയിച്ചതിനെ തുടർന്ന് 25.03.2022 ൽ കൂടിയ സിൻഡിക്കേറ്റിന്റെ 198 -ാമത് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തി ലാണ് ഡോ. എച്ച്. പൂർണിമയ്ക്ക് തിരുവന ന്തപുരം പ്രാദേശിക കേന്ദ്രത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകിയത്. |
| (സി) | പ്രാദേശിക കേന്ദ്രത്തിൽ വിദ്യാർത്ഥികൾക്ക് സ്പോർട്സിനുള്ള സൗകര്യങ്ങളില്ലാതിരിക്കെ കാലടി സംസ്കൃത സർവ്വകലാശാല ക്യാമ്പസിലെ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപികയായ ഡോക്ടർ റാഹിലയെ നിയമിച്ചതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | 25.02.2017 തീയതിയിലെ സ.ഉ.(പി) നം. 3/2017/ ഉഭപവ സർക്കാർ ഉത്തരവിലെ (അനുബന്ധം 8) പ്രത്യേക മുൻഗണന പട്ടികയിൽ ഓട്ടിസം/ സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. കായിക പഠന വകുപ്പിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി. റാഹില ബീവി എം.എ-യെ 15.09.2022ൽ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തി ലേയ്ക്ക് സ്ഥലം മാറ്റുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

സംസ്കൃത സർവകലാശാലയുടെ തിരുവനന്തപുരം പ്രാദേശിക കേന്ദ്രത്തിൽ നടത്തുന്ന കോഴ്സുകൾ

**ബി.എ. പ്രോഗ്രാം**

സംസ്കൃതം സാഹിത്യം

സംസ്കൃതം ന്യായം

സംസ്കൃതം വേദാന്തം

സംസ്കൃതം വ്യാകരണം

**പി.ജി പ്രോഗ്രാം**

എം.എ സംസ്കൃതം ന്യായം

എം.എ സംസ്കൃതം വേദാന്തം

എം.എ സംസ്കൃതം സാഹിത്യം

എം.എ സംസ്കൃതം വ്യാകരണം

എം.എ ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ

എം.എ മലയാളം

എം.എ ഹിന്ദി

എം.എ ഹിസ്റ്ററി

സെക്ഷൻ ഓഫീസർ